അധ്യായം 89
## അൽ ഫജ്ർ
അവതരണം മക്കയിൽ, വചനം30

അധ്യായ പരിചയം:

മുഹമ്മദ് നബിക്ക് മക്കയിൽ അവതീർണമായ അധ്യായമാണിത്. പ്രധാനമായും മൂന്ന് കാര്യങ്ങളാണ് ഇതിന്റെ പ്രതിപാദ്യം.
1. ദൈവനിഷേധികളായിരുന്ന ചില പൂർവിക ജനതയുടെ അവസ്ഥ. അതിലൂടെ പ്രവാചകന്റെ ദൈവനിഷേധികളായ അഭിസംബോധിതരെ താക്കീത് ചെയ്യുന്നു.
2. മനുഷ്യ ജീവിതത്തിൽ സംഭവിക്കാവുന്ന ദൈവിക പരീക്ഷണം. അതിൽ നന്മയും തിന്മയും സുസ്ഥിതിയും ദാരിദ്ര്യവും മാറി മാറി വരും. അപ്പോഴുണ്ടാകുന്ന മനുഷ്യന്റെ മാനസികാവസ്ഥ.
3. പരലോകത്തെ ചില അവസ്ഥകൾ. ഐഹികജീവിതത്തിൽ ദൈവനിഷേധം കൈക്കൊണ്ട് ജീവിച്ചവരുടെ വിലാപവും ദൈവിക നടപടിയും.

ഈ മൂന്ന് കാര്യങ്ങളും എടുത്തുദ്ധരിച്ചത് പ്രധാനമായും മക്കാനിവാസികൾ അകപ്പെട്ടിരുന്ന പരലോകനിഷേധത്തെ സ്ഥാപിക്കാനാണ്. അതിലൂടെ പിൽക്കാലകാർക്ക് ഗുണപാഠമാകാനും.

ഇതുവരെ പഠിച്ച ചില അദ്ധ്യായങ്ങളിൽ സ്വീകരിച്ച ശൈലി തന്നെയാണ് ദൈവം ഇവിടെയും സ്വീകരിച്ചിട്ടുള്ളത്. അതായത്, അവർക്ക് പരിചയമുണ്ടായിരുന്ന വസ്തുതകളെ പിടിച്ച് ആണയിട്ട് കാര്യം പറയുകയത്രെ ആ രീതി.

അല്ലാഹു ഈ അദ്ധ്യായത്തിൽ പ്രഭാതം, പത്തുരാവുകൾ, ഒറ്റ, ഇരട്ട, പിൻവാങ്ങുന്ന രാവ് എന്നിവയെ ആണയിട്ടാണ് സംഗതി പറയുന്നത്. അതിലൂടെ ഉദ്ദേശിക്കുന്നത് ഇതാണ്: ഏതൊരു ദൈവമാണോ പ്രപഞ്ചത്തിന് ഈ വ്യവസ്ഥ നിശ്ചയിച്ചത് അതേ ദൈവത്തിന് പരലോകം സ്ഥപിക്കുവാനും നിങ്ങളെ വിചാരണക്ക് വിധേയമാക്കാനും ഒരു പ്രയാസവുമില്ല. അതിന് തെളിവായിക്കൊണ്ടാണ് മക്കക്കാരെക്കൾ ശക്തരായിരുന്ന പല ജനതകളെയും അവൻ അവരുടെ നിഷേധം കാരണമായി നശിപ്പിച്ച ചരിത്രം ഇവിടെ പരാമർശിച്ചത്. ഫറവോൻ, ആദ്, ഥമൂദ് വർഗങ്ങളുടെയും പരിണതി അതാണ് സൂചിപ്പിക്കുന്നത്.

അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

| | | |
|---|---|---|
| وَالْفَجْرِ | വൽഫജ്രി | പ്രഭാതമാണ് സത്യം |
| وَلَيَالٍ | വ ലയാലിൻ | രാവുകളുമാണ്, |
| عَشْرٍ | അശ്രിൻ | പത്ത്. |
| وَالشَّفْعِ | വശ്ശഫ്ഇ | ഇരട്ടയാണ്, |
| وَالْوَتْرِ | വൽവത്രി | ഒറ്റയുമാണ് |
| وَاللَّيْلِ | വല്ലൈലി | രാത്രിയാണ് സത്യം |
| إِذَا يَسْرِ | ഇദാ യസ്ർ | അത് സഞ്ചരിച്ചുകൊണ്ടിരിക്കെ |

| | | |
|---|---|---|
| هَلْ | ഹൽ | ഉണ്ടോ |
| فِي ذَلِكَ | ഫീ ദാലിക | അതിൽ |
| قَسَمٌ | ഖസമുൻ | സത്യമുണ്ടോ? |
| لِّذِي حِجْرٍ | ല്ലിദീ ഹിജ്ർ | ബുദ്ധിയുള്ളവർക്ക് |
| أَلَمْ تَرَ | അലം തറ? | നീ കണ്ടില്ലേ? |
| كَيْفَ | കൈഫ | എങ്ങനെ |
| فَعَلَ | ഫഅല | പ്രവർത്തിച്ചുവെന്ന് |
| رَبُّكَ | റബ്ബുക | നിന്റെ നാഥൻ |
| بِعَادٍ | ബിആദ് | ആദ് വർഗത്തോട് |
| إِرَمَ | ഇറമ | ഇറമിനെ |
| ذَاتِ الْعِمَادِ | ദാതിൽ ഇമാദ് | തൂണുകളുള്ള |
| الَّتِي | അല്ലത്തി | എങ്ങനെയുള്ള |
| ي لَمْ يُخْلَقْ | ലം യുഖ്‌ലഖ് | സൃഷ്ടിക്കപ്പെട്ടിട്ടില്ല |
| مِثْلُهَا | മിഥ്‌ലുഹാ | അവരെപ്പോലെ |
| فِي الْبِلَادِ | ഫിൽ ബിലാദ് | നാടുകളിൽ |
| وَثَمُودَ | വഥമൂദ | ഥമൂദിനെയും |
| الَّذِينَ | അല്ലദീന | എങ്ങനെയുള്ള |
| جَابُوا | ജാബു | അവർ തുരന്നു |
| الصَّخْرَ | അസ്സ്വഖ്‌റ | പാറ |
| بِالْوَادِ | ബിൽവാദ് | താഴ്‌വാരങ്ങളിൽ |
| وَفِرْعَوْنَ | വഫിർഔന | ഫിർഔനിനെയും |
| ذِي الْأَوْتَادِ | ദിൽ ഔതാത് | ആണികൾക്കുടയവനായ |

| | | |
|---|---|---|
| الَّذِينَ | അല്ലദീന | എങ്ങനെയുള്ള |
| طَغَوْا | ത്വഗൗ | ധിക്കാരമനുവർത്തിച്ച |
| فِي الْبِلَادِ | ഫിൽ ബിലാദ് | നാടുകളിൽ |
| فَأَكْثَرُوا | ഫഅക്ഥറൂ | അവർ അധികരിപ്പിച്ചു |
| فِيهَا | ഫീഹാ | അതിൽ |
| الْفَسَادَ | അൽഫസാദ് | ധിക്കാരം |
| فَصَبَّ | ഫസ്വബ്ബ | അപ്പോൾ ചൊരിഞ്ഞു |
| عَلَيْهِمْ | അലൈഹിം | അവരുടെ മേൽ |
| رَبُّكَ | റബ്ബുക | നിന്റെ നാഥൻ |
| سَوْطَ | സൗത്ത | ചമ്മട്ടി |
| عَذَابٍ | അദാബിൻ | ശിക്ഷയുടെ |
| إِنَّ | ഇന്ന | നിശ്ചയം |
| رَبَّكَ | റബ്ബക | നിന്റെ റബ്ബ് |
| لَبِالْمِرْصَادِ | ലബിൽ മിസ്വാദ് | പതിസ്ഥലത്താണ് |
| فَأَمَّا | ഫഅമ്മാ | എന്നാൽ |
| الْإِنسَانُ | അൽ ഇൻസാനു | മനുഷ്യൻ |
| إِذَا مَا ابْتَلَاهُ | ഇദാ മബ്തലാഹു | അവനെ പരീക്ഷിച്ചാൽ |
| رَبُّهُ | റബ്ബുഹു | അവന്റെ നാഥൻ |
| فَأَكْرَمَهُ | ഫഅക്റമഹു | അങ്ങനെ അവനെആദരിക്കുകയും |
| وَنَعَّمَهُ | വനഅമഹു | അവനെ അനുഗ്രഹിക്കുകയും ചെയ്താൽ |
| فَيَقُولُ | ഫയഖൂലു | അവൻ പറയും |
| رَبِّي | റബ്ബീ | എന്റെ നാഥൻ |

| | | |
|---|---|---|
| أَكْرَمَنِ | അക്റമൻ | എന്നെ ആദരിച്ചിരിക്കുന്നു. |
| وَأَمَّا | വഅമ്മാ | എന്നാൽ |
| إِذَا مَا ابْتَلَاهُ | ഇദാമബ്തലാഹു | അവനെ പരീക്ഷിച്ചാൽ |
| فَقَدَرَ | ഫഖദറ | അങ്ങനെ ചുരുക്കുകയും ചെയ്താൽ |
| عَلَيْهِ | അലൈഹി | അവന് |
| رِزْقَهُ | രിസ്ഖഹു | അവന്റെ വിഭവം |
| فَيَقُولُ | ഫയഖൂലു | അപ്പോൾ അവൻ പറയും |
| رَبِّي | റബ്ബീ | എന്റെ നാഥൻ |
| أَهَانَنِ | അഹാനൻ | എന്നെ നിന്ദിച്ചിരിക്കുന്നു |
| كَلَّا | കല്ലാ | അല്ല |
| بَل لَّا تُكْرِمُونَ | ബൽല്ലാ തുക്രിമൂന | നിങ്ങൾ ആദരിക്കുന്നില്ല |
| الْيَتِيمَ | അൽ യതീം | അനാഥയെ |
| وَلَا تَحَاضُّونَ | വലാ തഹാദ്ദൂന | നിങ്ങൾ പ്രോത്സാഹനം നൽകുന്നില്ല |
| عَلَى طَعَامِ | അലാ ത്വആമി | ആഹാരത്തിന് |
| الْمِسْكِينِ | അൽ മിസ്കീൻ | പാവപ്പെട്ടവന്റെ |
| وَتَأْكُلُونَ | വതഅ്കുലൂന | നിങ്ങൾ തിന്നുന്നു |
| التُّرَاثَ | അത്തുറാഥ | അനന്തര സ്വത്ത് |
| أَكْلًا لَّمًّا | അക്ലല്ലമ്മാ | വാരിക്കൂട്ടിയുള്ള തിന്നൽ |
| وَتُحِبُّونَ | വതുഹിബ്ബൂന | നിങ്ങൾ സ്നേഹിക്കുകയും ചെയ്യുന്നു |
| الْمَالَ | അൽമാല | ധനത്തെ |
| حُبًّا جَمًّا | ഹുബ്ബൻ ജമ്മ | അമിതമായ സ്നേഹം |

| | | |
|---|---|---|
| كَلَّا | കല്ലാ | അല്ല |
| إِذَا دُكَّتِ | ഇദാ ദുക്കതി | പൊടിക്കപ്പെട്ടാൽ |
| الْأَرْضُ | അൽ അർദു | ഭൂമി |
| دَكًّا دَكًّا | ദക്കൻ ദക്കാ | പൊടിപൊടിയായി |
| وَجَآءَ | വ ജാഅ | വരികയും |
| رَبُّكَ | റബ്ബുക | നിന്റെ നാഥൻ |
| وَالْمَلَكُ | വൽ മലകു | മലക്കുകളും |
| صَفًّا صَفًّا | സ്വഫ്ഫൻ സ്വഫ്ഫാ | അണിയണിയായി |
| وَجِيءَ | വ ജീഅ | കൊണ്ടുവരപ്പെടുകയും ചെയ്യും |
| يَوْمَئِذٍ | യൗമഇദിൻ | അന്ന് |
| بِجَهَنَّمَ | ബിജഹന്നം | നരകം |
| يَوْمَئِذٍ | യൗമഇദിൻ | അന്ന് |
| يَتَذَكَّرُ | യതദക്കറു | ഓർമ വരുന്നതാണ്. |
| الْإِنسَانُ | അൽഇൻസാനു | മനുഷ്യൻ |
| وَأَنَّى | വഅന്നാ | എവിടെനിന്നാണ് |
| لَهُ | ലഹു | അവന് |
| الذِّكْرَى | അദ്ദിക്റാ | ഓർമ വരുന്നത് |
| يَقُولُ | യഖൂലു | അവൻ പറയും |
| يَا لَيْتَنِي | യാലൈതനീ | ഞാനായിരുന്നെങ്കിൽ |
| قَدَّمْتُ | ഖദ്ദംത്തു | മുൻകൂട്ടി ചെയ്തിരുന്നെങ്കിൽ |

| | | |
|---|---|---|
| لِحَيَاتِي | ലിഹയാത്തീ | എന്റെ ജീവിതത്തിനു വേണ്ടി |
| فَيَوْمَئِذٍ | ഫയൗമഇദിൻ | ആ ദിവസം |
| لَّا يُعَذِّبُ | ലാ യുഅദ്ദിബു | ശിക്ഷിക്കുകയില്ല |
| عَذَابَهُ | അദാബഹു | അവൻ ശിക്ഷിക്കുന്നതു പോലെ |
| أَحَدٌ | അഹദുൻ | ആരും |
| وَلَا يُوثِقُ | വലാ യൂഥിഖു | പിടിച്ചു ബന്ധിക്കുകയില്ല |
| وَثَاقَهُ | വഥാഖഹൂ | അവൻ പിടിച്ചു ബന്ധിക്കുന്നതു പോലെ |
| أَحَدٌ | അഹദുൻ | ഒരാളും |
| يَا أَيَّتُهَا | യാ അയ്യതുഹ | അല്ലയോ |
| النَّفْسُ | അന്നഫ്സു | ആത്മാവേ |
| الْمُطْمَئِنَّةُ | അൽമുത്മഇന്ന | സമാധാനമടഞ്ഞ |
| ارْجِعِي | ഇർജിഇൗ | നീ മടങ്ങുക |
| إِلَى رَبِّكِ | ഇലാ റബ്ബ്കി | നിന്റെ രക്ഷിതാവിലേക്ക് |
| رَاضِيَةً | റാദിയാതൻ | തൃപ്തിപ്പെട്ടുകൊണ്ടും |
| مَّرْضِيَّةً | മർദിയ്യ | തൃപ്തി ലഭിച്ചു കൊണ്ടും |
| فَادْخُلِي | ഫദ്ഖുലീ | എന്നിട്ട് നീ പ്രവേശിച്ചുകൊള്ളുക |
| فِي عِبَادِي | ഫീ ഇബാദീ | എന്റെ ദാസന്മാരുടെ കൂട്ടത്തിൽ |
| وَادْخُلِي | വദ്ഖുലീ | നീ പ്രവേശിക്കുക |
| جَنَّتِي | ജന്നത്തീ | എന്റെ സ്വർഗത്തിലേക്ക് |

വിശദീകരണം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

وَالْفَجْرِ വൽ ഫജ്രി

പ്രഭാതമാണ് സത്യം.

وَلَيَالٍ عَشْرٍ വലയാലിൻ അശ്‌രിൻ

പത്തു രാവാണ് സത്യം.

وَالشَّفْعِ وَالْوَتْرِ വശ്ശഫ്ഇ വൽ വത്‌രി

ഇരട്ടയും ഒറ്റയുമാണ് സത്യം.

وَاللَّيْلِ إِذَا يَسْرِ വല്ലൈലി ഇദാ യസ്‌രി

പിൻവാങ്ങിക്കൊണ്ടിരിക്കുന്ന രാത്രിയാണ് സത്യം,

هَلْ فِي ذَٰلِكَ قَسَمٌ لِّذِي حِجْرٍ ഹൽ ഫീ ദാലിക ഖസമുല്ലിദീ ഹിജ്‌രിൻ

ബുദ്ധിയുള്ളവർക്ക് ഇതിൽ സത്യമുണ്ടോ?

മുകളിൽ ആദ്യത്തെ നാല് വചനങ്ങളിൽ പ്രാപഞ്ചികപ്രതിഭാസങ്ങളെ പിടിച്ച് സത്യം ചെയ്യുകയാണ് അല്ലാഹു ചെയ്യുന്നത്. ഒന്നാമത്തെ കാര്യം പ്രഭാതമാണ്. രാത്രിയുടെ ഇരുട്ടിനെ വകഞ്ഞുമാറ്റി ആദ്യം പ്രത്യക്ഷപ്പെടുന്ന പ്രഭയാണ് ഫജ്ർ എന്നതുകൊണ്ട് അർഥമാക്കുന്നത്.

പത്ത് രാത്രികളാണ് അടുത്ത പ്രതിഭാസം. വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഇതിന് നൽകപ്പെട്ടിട്ടുണ്ട്. ഹജ്ജ് മാസത്തിലെ അവസാന പത്ത് രാവുകളാണെന്നാണ് ഒരു വ്യാഖ്യാനം. ദിനങ്ങളുടെ കൂട്ടത്തിൽ ഏറെ ശ്രേഷ്ഠമായത് പ്രസ്തുത രാവുകളാണെന്ന ഒരു നബിവചനമാണ് അതിനാധാരം. എന്നാൽ മറ്റൊരു വിഭാഗം റമദാനിലെ അവസാനത്തെ പത്ത് രാവുകളാണെന്ന് വ്യാഖ്യാനിക്കുന്നു.

ഈ വചനം ഏതൊരു കാര്യം സ്ഥാപിക്കുന്നതിനു വേണ്ടിയാണോ അവതീർണമായത് ആ ലക്ഷ്യം സ്ഥാപിക്കുന്നതിന് പ്രാപഞ്ചികപ്രതിഭാസമെന്ന നിലക്ക് ഓരോ മാസത്തിലെയും പത്തു രാവുകളെ ഉദ്ദേശിച്ചതാണെന്നും ചിലർ വീക്ഷിക്കുന്നു. കാരണം പരലോകത്തെ സ്ഥാപിക്കുന്നതിനായി പ്രതിഭാസങ്ങളിൽ പ്രകടമാകുന്ന വൃദ്ധിക്ഷയങ്ങളെ എടുത്തു കാണിക്കുകയെന്ന ഉദ്ദേശ്യമാണ് ഇവിടെയുള്ളത്. അതുപോലെയാണ് മരണവും ശേഷമുള്ള ഉയിർത്തെഴുന്നേൽപും സഭവിക്കുന്നത് എന്നാണ് അതിലെ പാഠം.

ഇരട്ടയും ഒറ്റയുമാണ് മറ്റൊരു കാര്യം. പ്രകൃതിയിലെ വസ്തുക്കളൊക്കെ ഇണകളായാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മൊത്തത്തിൽ ഒരു ദൃഷ്ടാന്തമെന്ന നിലക്ക് ഇരട്ടയായും ഒറ്റയായുമുള്ള സംഗതികളെ എടുത്തുകാണിക്കുകയാണ് അല്ലാഹു ചെയ്യുന്നത്.

സഞ്ചരിക്കുന്ന രാത്രിയാണ് മറ്റൊന്ന്. ഓരോ ഭൂപ്രദേശത്തും സൂര്യൻ മറഞ്ഞ ശേഷം ഇരുട്ടാവുകയും ക്രമേണ അത് സഞ്ചരിച്ചു പ്രഭാതം തിരിച്ചെത്തുകയും ചെയ്യുന്നു.

ഈ നാല് കാര്യങ്ങളും ഈ പ്രപഞ്ചത്തിൽ സ്വമേധയാ സംഭവിക്കുകയല്ല. അതി ശക്തനായ ഒരു സ്രഷ്ടാവിന്റെ നിയന്ത്രമാണത്. ഒരിക്കൽ രാത്രി വരുന്നു. നിശ്ചിത സമയത്ത് അത് അപ്രത്യക്ഷമാവുകയും പ്രഭാതം വരികയും ചെയ്യുന്നു. ക്രമേണ പകൽ വളർന്നു വരികയും നിശ്ചിത സമയത്തിനു ശേഷം പകൽ അസ്തമിക്കുകയും ചെയ്യുന്നു. ഒരിക്കൽ ഒന്നു വരികയും പിന്നീട് അത് പോകുകയും മറ്റൊന്ന് അതിന്റെ സ്ഥാനത്ത് വരികയും ചെയ്യുന്നു. വീണ്ടും അതാവർത്തിക്കുന്നു. ഇതേ രീതിയിൽ ഒരിക്കൽ ഈ ലോകത്ത് മനുഷ്യൻ വരികയും പിന്നീട് അവൻ പോവുകയും ചെയ്യുന്നു. അഥവാ ജീവിതമെന്ന ഘട്ടത്തിനു ശേഷം മരണവും അതിനു ശേഷം ഒരു പുനരുദ്ധാനവും ഉറപ്പാണെന്നർഥം.

ബുദ്ധിയുള്ളവർക്ക് ഇതിൽ ഗുണപാഠമുണ്ടോ എന്ന ചോദ്യമാണ് അടുത്തത്. പ്രപഞ്ചത്തിൽ ദിനേന കാണുന്ന ഈ പ്രതിഭാസങ്ങളെ പരലോകത്തെ ഉയിർത്തെഴുന്നേൽപിനെ സ്ഥാപിക്കാനാണ് എടുത്തുപറഞ്ഞിട്ടുള്ളത്. അതിന് പിൻബലമായി ചില ചരിത്ര വസ്തുതകൾ ഉദ്ധരിക്കുകയാണ് ഇനി ചെയ്യുന്നത്. ഈ ചരിത്രം മക്കയിലെ ഏതൊരാൾക്കും ഹൃദിസ്ഥമായിരുന്നു. ഈ പ്രപഞ്ചം ആരുടെ താൽപര്യ പ്രകാരമാണോ നടക്കുന്നത് അതേ ശക്തിയുടെ താൽപര്യമനുസരിച്ചാണ് വിവിധ കാല ഘട്ടങ്ങളിൽ ജീവിച്ചിരുന്ന പ്രബലരും ദൈവനിഷേധികളുമായിരുന്ന ജനവർഗങ്ങളെ അവൻ നശിപ്പിച്ചത്.

ഏകദൈവമെന്ന നിലക്ക് തന്റെ നിർദ്ദേശങ്ങളെ മാനിക്കാതെ സ്വാഭീഷ്ടം ജീവിച്ചവരെ അവരുടെ ജീവിത നയങ്ങൾ കാരണമായി നശിപ്പിക്കുകയെന്നതാണ് ദൈവികനീതി. പരലോകനിഷേധം ഏതൊരു സമൂഹത്തിന്റെയും അവസ്ഥകളെ താറുമാറാക്കാൻ പര്യാപ്തമാണെന്നതാണ് അതിന്റെ കാരണം. മനുഷ്യകർമങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതും അവൻ പരലോകത്തു വെച്ച് ഭൗതിക ജീവിതത്തിന്റെ പ്രതിഫലം അനുഭവിക്കുകയും ചെയ്യണമെന്നതാണ് മറ്റൊരു വസ്തുത.

ഇതുവരെ പരാമർശിച്ച വസ്തുതകളിൽ ബുദ്ധിയുള്ളവർക്ക് ചില പഠങ്ങളുണ്ട്. അതായത്, ഈ പ്രപഞ്ചത്തിന് ഒരേയൊരു സ്രഷ്ടവ് മാത്രമേയുള്ളു. അവന്റെ താൽപര്യമനുസരിച്ചാണ് ഈ പ്രപഞ്ചം ചലിച്ചുകൊണ്ടിരിക്കുന്നത്. അവന്റെ താൽപര്യപ്രകാരം ഒരു ഘട്ടത്തിൽ ഈ പ്രപഞ്ചം അതിലെ മുഴുവൻ ചരാചരങ്ങളോടുമൊപ്പം നശിക്കുന്നതാണ്. ഈ ലോകത്തെ സംവിധാനിച്ച അവന് പര ലോകമെന്ന മറ്റൊരു ലോകം സംവിധാനിക്കാൻ സാധിക്കും. അവന്റെ താൽപര്യപ്രകാരം എല്ലാ ജീവജാലങ്ങളെയും അവൻ വീണ്ടും പരലോകത്ത് ഒരുമിച്ചു കൂട്ടുന്നതാണ്.

---

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِعَادٍ   അലം തറ കൈഫ ഫഅല റബ്ബുക ബിആദിൻ.

ആദ് വർഗത്തെ നിന്റെ റബ്ബ് എന്ത് ചെയ്തുവെന്ന് നീ കണ്ടില്ല?

---

പ്രവാചകനായ ഹൂദ്നബിയുടെ ജനതയാണിവർ. ബഹുദൈവത്വ സങ്കൽപവും ഏകദൈവത്തോ ടുള്ള ധിക്കാരവുമായിരുന്നു അവരുടെ ജീവിതനിലപാട്. അതിൽനിന്ന് അവരെ മോചിപ്പി ക്കാനാണ് ഹൂദ് അവരിലേക്ക് നിയോഗിക്കപ്പെട്ടത്. അവർ അദ്ദേഹത്തെ എതിർക്കുകയും ദൈവത്തെ ധിക്ക രിക്കുകയും ചെയ്തു. അതിനാൽ ആ ജനതയെ അവൻ നശിപ്പിച്ചു കളഞ്ഞു. ചരിത്രത്തിൽ അറിയപ്പെട്ട ശക്തരായിരുന്ന ആ വർഗം. അതാണ് അടുത്ത വചനം സൂചിപ്പിക്കുന്നത്.

---

إِرَمَ ذَاتِ الْعِمَادِ   ഇറമ ദാതിൽ ഇമാദ്.

ഉയർന്ന സ്തൂപങ്ങളുള്ള ഇറമിനെ?

---

അത്യുന്നതങ്ങളായ സൗധങ്ങൾ കെട്ടിപ്പൊക്കിയിരുന്ന അവർ. ഉയർന്ന മലമ്പ്രദേശങ്ങളിൽ കെട്ടി ടങ്ങൾ കെട്ടിപ്പൊക്കുകയെന്ന രീതി ആദ്യമായി ആവിഷ്കരിച്ചത് ആദ് വർഗമാണ്. മാത്രവുമല്ല, കൊള്ളയായിരുന്നു അവരുടെ പ്രധാന തൊഴിൽ. പാവങ്ങളെ പിടികൂടുന്നതിലും കൊല്ലുന്നതിലും അവർക്കൊട്ടും പ്രയാസം തോന്നിയിരുന്നില്ല. ചരിത്രത്തിൽ അറിയപ്പെട്ട ക്രൂരന്മാരും ദാർഷ്ട്യമുള്ള വരും ഈ ജനവർഗമായിരുന്നു.

---

الَّتِي لَمْ يُخْلَقْ مِثْلُهَا فِي الْبِلَادِ അല്ലത്തീ ലം യുഖ്ലഖ് മിത്‌ലുഹാ ഫിൽ ബിലാദ്.

അവർക്ക് തുല്യമായി നാടുകളിലൊന്നും ആരും സൃഷ്ടിക്കപ്പെട്ടിരുന്നില്ല.

---

അക്കാലത്ത് ജീവിച്ചിരുന്ന ശക്തരും പ്രതാപികളുമായിരുന്നു അവരെന്നർഥം. ഞങ്ങളെക്കാൾ ലോകത്ത് ശക്തരായി ആരുണ്ട് എന്നായിരുന്നു അവർ ചോദിച്ചിരുന്നത്. അത്രമാത്രം അല്ലാഹു അനുഗ്രഹിച്ച വിഭാഗമായിരുന്ന് അവർ. ശക്തിയിലെന്ന പോലെ വീരപരാക്രമങ്ങളിലും അവരെ വെല്ലാൻ അക്കാലത്ത് ലോകത്ത് ആരുമുണ്ടായിരുന്നില്ല. അതത്രെ ഈ വചനം സൂചിപ്പിച്ചത്. ഇക്കാര്യം ഖുർആൻ പല ഭാഗങ്ങളിലും സൂചിപ്പിക്കുകയുണ്ടായി.

---

وَثَمُودَ الَّذِينَ جَابُوا الصَّخْرَ بِالْوَادِ വ ഥമൂദല്ലതീന ജാബുസ്സ്വഖ്റ ബിൽവാദ്

താഴ്‌വാരങ്ങളിലെ പാറകൾ തുരന്ന ഥമൂദ് വംശത്തെയും (നിന്റെ റബ്ബ് എന്ത് ചെയ്തെന്ന് നീ കണ്ടില്ലേ?)

---

താഴ്‌വാരങ്ങളിൽ ഉയർന്നു നിൽക്കുന്ന പാറകൾ തുരന്ന് അതിൽ കെട്ടിറ്റങ്ങൾ തീർക്കുന്ന സമ്പ്ര ദായം ആദ്യമായി തുടങ്ങിയത് ഥമൂദ് വർഗമാണ്.

മദാഇനിലാണ് ഇവർ താമസിച്ചിരുന്നത്. തികഞ്ഞ ബഹുദൈവാരധകരായിരുന്നു അവർ. കൈ യ്യൂക്കും കെടുകാര്യസ്ഥതയുമായിരുന്നു അവരെ നയിച്ചിരുന്നത്. അവരെ സംസ്കരിക്കുന്നതിനു വേണ്ടി ഏകദൈവം അവരിലുള്ള സ്വാലിഹിനെ പ്രവാചകനായി നിയോഗിച്ചു. പക്ഷേ, ആ ജനം അദ്ദേഹത്തെ ധിക്കരിച്ചു. വിശ്വാസം അവലംബിക്കുന്നതിന് ദൈവം അവതരിപ്പിച്ച ദൃഷ്ടാന്തങ്ങളെ മുഴുവൻ അവർ നിരാകരിച്ചു. ശിലയിൽനിന്ന് ജന്മം കൊണ്ട ഒട്ടകമായിരുന്നു അവർക്ക് നൽകിയ ദൈവികദൃഷ്ടാന്തം. അതാകട്ടെ, സ്വാലിഹിന്റെ പ്രവാചകത്വത്തിന് അവർ ആവശ്യപ്പെട്ട തെളിവായി രുന്നു അത്. അതിനെയും അവർ കൊന്നുകളഞ്ഞു. ധിക്കാരികളായ ആ ജനതയെയും ദൈവം നശിപ്പിച്ചുകളയുകയാണ് ചെയ്തത്.

---

وَفِرْعَوْنَ ذِي الْأَوْتَادِ   വഫിർഔന ദിൽ ഔത്താദ്.

ആണികളുടെ ആളായ ഫിർഔനെയും

---

ആണികളുടെ ആൾ എന്ന വിശേഷണം കൊണ്ട് പല അർഥങ്ങളും ഉണ്ടാകാവുന്നതാണ്. ഒരു പക്ഷേ, അയാളുടെ സൈനികശക്തിയെ ഉപമിച്ചതാകാം. അയാളുടെ ശിക്ഷാരീതിയെ പരാമർശിച്ചു പറഞ്ഞതുമാകാം. ചിലപ്പോൾ പിരമിഡുകളെ തന്നെ ഉദ്ദേശിച്ചുമാകാം. ഏതായാലും ഏറെ കാലം

പ്രതാപത്തൊടെ ദൈവമായി ചമഞ്ഞവനായിരുന്ന ഫറവോൻ. അവനെ ദൈവിക മാർഗത്തിലേക്ക് ക്ഷണിക്കുന്നതിനു വേണ്ടി അല്ലാഹു പ്രവാചകൻ മൂസായെ നിയോഗിക്കുകയുണ്ടായി. പക്ഷേ, അവൻ അദ്ദേഹത്തെ നിരാകരിക്കുകയും അഹങ്കരിക്കുകയും ചെയ്തു. അതിനാൽ അവനെയും ദൈവം അവന്റെ ധിക്കരം കാരണമായി നശിപ്പിച്ചു കളഞ്ഞു.

---

الَّذِينَ طَغَوْا فِي الْبِلَادِ അല്ലദീന ത്വഗൗ ഫിൽ ബിലാദ്

അവർ നാടുകളിൽ ധിക്കാരമനുവർത്തിച്ചു.

فَأَكْثَرُوا فِيهَا الْفَسَادَ ഫഅക്ഥറൂ ഫീഹൽ ഫസാദ്

അങ്ങനെ അതിൽ നാശം അധികരിപ്പിച്ചു.

---

മുകളിൽ സൂചിപ്പിച്ചതു പോലെ ഈ ജനതകളൊന്നും ഒരിക്കലും സംസ്കൃതമായ ജീവിതമല്ല കൈക്കൊണ്ടിരുന്നത്. സംസ്കരണ പ്രവർത്തനങ്ങളും അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നില്ല. തികഞ്ഞ ദൈവധിക്കാരവും ബഹുദൈവത്വപരമായ ആചാരങ്ങളും സാമൂഹിക ദുരാചാരങ്ങളും അക്രമവുമായിരുന്നു അവർ കൈക്കൊണ്ടിരുന്നത്.

---

فَصَبَّ عَلَيْهِمْ رَبُّكَ سَوْطَ عَذَابٍ ഫസ്വബ്ബ അലൈഹിം റബ്ബുക സൗത്വ അദാബ്

അതിനാൽ നിന്റെ നാഥൻ അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടി വർഷിച്ചു.

---

ശിക്ഷയുടെ ചമ്മട്ടിയെന്നത് ഒരു ആൽങ്കാരിക പ്രയോഗമാണ്. ചമ്മാട്ടിയുടെ പ്രഹരം മിന്നൽ വേഗത്തിലാകുന്നു. അതിൽനിന്ന് പെട്ടെന്ന് രക്ഷപ്പെടാനാകില്ല. അതുതന്നെയാണ് പ്രസ്തുത ജനത കളുടെ കാര്യത്തിലും സംഭവിച്ചത്. ആദ് സമൂഹത്തെ കൊടുങ്കാറ്റിന്നാലും ഥമൂദിനെ പ്രകമ്പന ത്താലും ഫറവോനെ മുക്കിക്കൊന്നുമാണ് അല്ലാഹു നശിപ്പിച്ചുകളഞ്ഞത്. ഓരോ ജനതയേയും ഓർ ക്കാപ്പുറത്താണ് ദൈവികശിക്ഷ പിടികൂടിയത്.

മറ്റൊരു വിഷയം കൂടിയുണ്ടിവിടെ. ചമ്മട്ടി കൊണ്ട് ഒറ്റ തവണയല്ല അടിക്കുന്നത്. ആവർത്തിച്ചുള്ള പ്രഹരം തന്നെയാണുണ്ടാവുക. അതേ രീതിയിലാണ് ഫറവോന്റെ കാര്യത്തിൽ സംഭവിച്ചത്. പല തരത്തിലുള്ള ശിക്ഷകളും ദൈവം അവന്റെ നേരെ അയക്കുകയുണ്ടായി.

---

إِنَّ رَبَّكَ لَبِالْمِرْصَادِ ഇന്ന റബ്ബക ലബിൽ മിർസ്വാദ്

നിന്റെ നാഥൻ പതിസ്ഥലത്തു തന്നെയാണുള്ളത്.

---

പ്രവാചകരേ, നിന്റെ നാഥൻ ജനങ്ങളുടെ കർമ്മങ്ങളെല്ലാം നിരീക്ഷിച്ചു കൊണ്ടിരിക്കുണ്ട് എന്നർഥം. ശത്രുനീക്കം അറിയുന്നതിനായി പതുങ്ങിയിരിക്കുകയും മുന്നിൽ വന്നുപെട്ടാൽ ചാടി വീഴുകയും ചെയ്യുന്നതിനാണ് റസ്വദ എന്നു പറയുന്നത്. അതിനായി പതിയിരിക്കുന്ന സ്ഥലമാണ് മിർസ്വാദ് അഥവാ പതിസ്ഥലം. ഇതേ രീതിയാണ് ധിക്കാരികളുടെ നേരെയുള്ള അല്ലാഹുവിന്റെ സമീപനം. അവൻ വീക്ഷിക്കുന്നുണ്ട് എന്ന ചിന്തയോ അവൻ വിചാരണ ചെയ്യുമെന്ന ഭയമോ ഇല്ലാതെ നിഗളിക്കുന്നതിനിടയിലാണ് അവരുടെ മേൽ അവന്റെ നടപടിയുണ്ടാവുക. അതിൽനിന്ന് അവർക്ക് രക്ഷപ്പെടാൻ അവസരം ലഭിക്കുകയില്ല.

---

فَأَمَّا الْإِنسَانُ إِذَا مَا ابْتَلَاهُ رَبُّهُ فَأَكْرَمَهُ وَنَعَّمَهُ

ഫഅമ്മൽ ഇൻസാനു ഇദാ മബ്തലാഹു റബ്ബുഹു ഫഅക്റമഹു വനഅ്അമഹു
എന്നാൽ മനുഷ്യനെ അവന്റെ രക്ഷിതാവ് പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും അവനെ അനുഗ്രഹിക്കുകയും ചെയ്താൽ

فَيَقُولُ رَبِّي أَكْرَمَنِ ഫയഖൂലു റബ്ബീ അക്റമൻ

അപ്പോൾ അവൻ പറയും: എന്റെ രക്ഷിതാവ് എന്നെ ആദരിച്ചിരിക്കുന്നു.

---

മനുഷ്യന്റെ അവസ്ഥയാണ് ഇവിടെ സൂചിപ്പിച്ചത്. അവന്റെ രക്ഷിതാവ് പലവിധത്തിലുള്ള ഭൗതിക അനുഗ്രഹങ്ങളും സംവിധാനങ്ങളും അവന് ചെയ്തുകൊടുക്കുകയും അവന്റെ കാര്യങ്ങളിൽ സൗകര്യവും എളുപ്പവും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്താൽ സന്തോഷത്തോടെ അവൻ പറയും, ഇതാ, എന്റെ നാഥൻ എന്നെ ഏറെ അനുഗ്രഹിച്ചിരിക്കുന്നു.

ഈ ഭൗതിക വിഭവങ്ങളാണ് സൗഭാഗ്യവും ദിവ്യാനുഗ്രഹവുമെന്നാണ് അവന്റെ കണക്ക് കൂട്ടൽ. വാസ്തവത്തിൽ വിഭവങ്ങളിൽ ഉണ്ടായ ഈ വർധനവിനു പിന്നിലെ ദൈവികയുക്തി കാണാനുള്ള ഉൾക്കാഴ്ച അവന് ഇല്ലാതെ പോയി. ഭൗതികവിഭവങ്ങൾ ധാരാളമായി നൽകിയാൽ അവൻ അ തിന്റെ പേരിൽ നന്ദി കാണിക്കുമോ അതല്ല നന്ദികേട് കാണിക്കുമോ എന്ന പരീക്ഷണമാണ് അതി

ലൂടെ നടക്കുന്നത്. അല്ലാതെ ദൈവം തന്നെ ഇഷ്ടപ്പെട്ടതു കൊണ്ടാണ് തനിക്ക് ഇത്രയധികം സുസ്ഥിതി ഉണ്ടായതെന്ന് ആരും ധരിക്കരുത്.

---

وَأَمَّا إِذَا مَا ابْتَلَاهُ فَقَدَرَ عَلَيْهِ رِزْقَهُ വഅമ്മാ ഇദ മബ്തലാഹു ഫഖദറ അലൈഹി രിസ്ഖഹു

എന്നാൽ അവനെ (മനുഷ്യനെ) അവൻ പരീക്ഷിക്കുകയും എന്നിട്ടവന്റെ ഉപജീവനം ഇടുങ്ങിയതാക്കുകയും ചെയ്താൽ

فَيَقُولُ رَبِّي أَهَانَنِ ഫയഖൂലു റബ്ബീ അഹാനൻ

അപ്പോൾ അവൻ പറയും: എന്റെ രക്ഷിതാവ് എന്നെ അപമാനിച്ചിരിക്കുന്നു.

---

ദൈവിക പരീക്ഷണത്തിന്റെ മറ്റൊരു വശമാണിത്. ഒരു ഘട്ടത്തിൽ അവൻ നൽകിയിരുന്ന ഭൗതിക സുഖങ്ങളും സൗകര്യങ്ങളും എടുത്തുകളയുകയും ദാരിദ്ര്യവും ജീവിത ക്ലേശങ്ങളും അവനെ അനുഭവിപ്പിക്കുകയും ചെയ്താൽ അവൻ വിലപിക്കുകയായി: എന്റെ രക്ഷിതാവ് ജീവിതം ദുരിതത്തിലാക്കി എന്നെ അപമാനിച്ചിരിക്കുന്നു. നന്ദികേടും അഹങ്കാരവുമായിരിക്കും അപ്പോൾ അവനെ പിടികൂടുന്നത്. ക്ഷമ നശിച്ചവനായിക്കൊണ്ടാകും അവൻ തന്റെ രക്ഷിതാവിനെതിരെ ആവലാതി പറയുക. എന്നാൽ സുഭിക്ഷതയുടെ അവസ്ഥയിൽ നന്ദി കാണിക്കുവാനും പ്രയാസത്തിന്റെ ഘട്ടത്തിൽ ക്ഷമിക്കുവാനും അവന് സാധിക്കണം.

സൗഖ്യത്തെപ്പോലെ ദാരിദ്ര്യവും ദൈവത്തിൽനിന്നുള്ള പരീക്ഷണമാകുന്നു. ദുരിതം അനുഭവിക്കുമ്പോൾ ക്ഷമ കൈവിടുകയും സമ്പാദിക്കുന്നതിനായി അവിഹിത രീതിയിലേക്കും രംഗത്തേക്കും പ്രവേശിക്കുകയും ചെയ്യുന്നുണ്ടോ അതല്ല, ഉള്ളതുകൊണ്ട് തൃപ്തനായി ക്ഷമയോടെ ജീവിക്കുന്നുണ്ടോ എന്ന പരീക്ഷണമാണ് അതിനു പിന്നിലുള്ളത്.

മരണാനന്തര ജീവിതത്തിലും പരലോകത്തെ രക്ഷാശിക്ഷകളിലും വിശ്വസിക്കാത്ത ആളുകളാണ് ദാരിദ്ര്യത്തിന്റെയും ജീവിത ദുരിതങ്ങളുടെയും മുമ്പിൽ അക്ഷമരായി തെറ്റിലേക്ക് നീങ്ങുക.

ഭൗതിക വിഭവങ്ങളിലെ ആധിക്യം സത്യനിഷേധിയെ സന്തോഷിപ്പിക്കുമ്പോൾ സത്യവിശ്വാസിയെ അത് ഭയപ്പെടുത്തുകയാണ് ചെയ്യുക.

---

كَلَّا بَل لَّا تُكْرِمُونَ الْيَتِيمَ കല്ലാ ബല്ലാ തുക്‌രിമൂനൽ യതീം

അല്ല, പക്ഷേ, നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല.

---

കല്ലാ എന്ന വാക്ക് പ്രത്യേക അർഥത്തിലാണ് പറഞ്ഞത്. അതായത് നിങ്ങൾ ധരിച്ചുവശായതുപോലെ സാമ്പത്തികവളർച്ചയും സൗഖ്യവും ദൈവപ്രീതിയുടെ അടയാളമോ ദാരിദ്ര്യവും കഷ്ടപ്പാടും അവന്റെ ക്രോധത്തിന്റെ അടയാളമോ അല്ല. അത്തരം ധാരണ നിങ്ങൾ വെച്ചുപുലർത്തുന്നുണ്ടെങ്കിൽ അത് ശരിയല്ല.

ധരാളം സമ്പത്തും സൗകര്യങ്ങളും തന്ന് അല്ലാഹു നിങ്ങളെ ആദരിച്ചിരിക്കുന്നു. എന്നാൽ അതിനു പകരം നിങ്ങൾ അനാഥകളെ ആദരിക്കുന്നില്ല. അവർ നിങ്ങളെ സമീപിക്കുന്നതു തന്നെ നിങ്ങൾക്ക് വെറുപ്പാകുന്നു.

കുടുംബനാഥൻ മരണമടഞ്ഞാൽ അയാളോടുണ്ടായിരുന്ന സമീപനം ഒരിക്കലും അയാളുടെ മക്കളോട് ജനം കാണിക്കുകയില്ല. ഈ രീതിയെ നിശിതമായി വിമർശിക്കുകയണ് ഇവിടെ ചെയ്യുന്നത്. അനാഥയെ സംരക്ഷിക്കുന്നത് ധാരാളം പുണ്യം ലഭിക്കുന്ന കാര്യമാണെന്ന് പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി.

---

وَلَا تَحَاضُّونَ عَلَىٰ طَعَامِ الْمِسْكِينِ വലാ തഹാദ്ദുന അലാ ത്വആമിൽ മിസ്കീൻ.

പാവപ്പെട്ടവന്റെ ആഹാരത്തിന് നിങ്ങൾ പ്രേരിപ്പിക്കുന്നില്ല.

---

ആവശ്യക്കാരനും പാവപ്പെട്ടവനും ഭക്ഷണം കൊടുക്കുന്ന കാര്യത്തിൽ നിങ്ങൾ പരസ്പരം പ്രേരണ നൽകുന്നില്ല. അത് നിങ്ങൾക്കിടയിൽ ഉത്തമ ചര്യയായി വളർന്നു വന്നിട്ടില്ല. അതിനുള്ള സംരംഭങ്ങളിലും നിങ്ങൾ ഏർപെടുന്നില്ല.

---

وَتَأْكُلُونَ التُّرَاثَ أَكْلًا لَّمًّا വ തഅ്കുലൂനത്തുറാഥ അക്‌ലല്ലമ്മാ

അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരിക്കൂട്ടി തിന്നുകയും ചെയ്യുന്നു.

---

വിഹിതവും അവിഹിതവുമായ രീതിയിൽ അനന്തരാവകാശ സ്വത്ത് വാരിക്കൂട്ടി ഭുജിക്കുന്ന രീതിയെ വിമർശിക്കുകയാണിവിടെ. അവകാശികൾക്ക് അവരുടെ അവകാശം പോലും ആദ്യകാല അറബികൾ നൽകിയിരുന്നില്ല. സ്ത്രീകളെ അവർ പരിഗണിച്ചതുമില്ല. കൂടുതൽ ശക്തിയും സാമർ

ഥ്യവുമുള്ളവർ കൂടുതൽ സ്വത്ത് കൈവശപ്പെടുത്തുകയെന്നതായിരുന്നു അവരുടെ രീതി. പരസ്പര അവകാശങ്ങളെ സംബന്ധിച്ച് അവർക്ക് യാതൊരു ബോധവുമുണ്ടായിരുന്നില്ല. അനന്തരാവകാശ സ്വത്തിന്റെ കാര്യത്തിൽ എല്ലാവർക്കും സംതൃപ്തമായ സമീപനമല്ല ഇന്നും ജനം വെച്ചുപുലർത്തുന്നത്.

---

وَتُحِبُّونَ الْمَالَ حُبًّا جَمًّا വ തുഹിബ്ബൂനൽ മാല ഹുബ്ബൻ ജമ്മാ

നിങ്ങൾ ധനത്തെ അമിതമായ തോതിൽ സ്നേഹിക്കുകയും ചെയ്യുന്നു

---

ഏതെല്ലാം മർഗേണ സ്വത്തും സൗകര്യവും വർധിപ്പിക്കാമോ ആ രീതിയിലെല്ലാം ധനം വർധിപ്പിക്കുന്നതിനായി നിങ്ങൾ പാടുപെടുന്നു. അതിനു മുമ്പിൽ പലപ്പോഴും അനുവദനീയമെന്നോ അവിഹിതമെന്നോ ഉള്ള നോട്ടം ഇല്ല. അക്കാര്യത്തിൽ നിങ്ങളുടെ അത്യാഗ്രഹം ഒരിക്കലും ശമിക്കുകയില്ല. എന്നാൽ ചെലവഴിക്കുന്ന കാര്യത്തിൽ തികച്ചും പിശുക്ക് കാണിക്കുകയും ചെയ്യുന്നു. ഭൗതികമായ ഈ ആസക്തി ഒരിക്കലും ജനമനസ്സുകളിൽ നിന്ന് കൂടൊഴിയുകയില്ല. പിശാചിന്റെ കുതന്ത്രമാണിത്.

---

كَلَّا إِذَا دُكَّتِ الْأَرْضُ دَكًّا دَكًّا കല്ലാ ഇദാ ദുക്കത്തിൽ അർദു ദക്കൻ ദക്കാ

വേണ്ടാ, ഭൂമി പൊടിപൊടിയായി പൊടിക്കപ്പെട്ടാൽ

---

ലോകത്തിന്റെ അന്ത്യം കുറിച്ചുകൊണ്ടുണ്ടാകുന്ന അതിശക്തമായ പ്രകമ്പനത്തെ യാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതോടു കൂടി ഭൂമി അതിലെ ജീവജാലങ്ങളോടൊപ്പം നശിക്കും. തുടർന്ന് മനുഷ്യരും ഭൂമിയിലുണ്ടായിരുന്ന ജീവജാലങ്ങളും പുതി യൊരു ലോകത്ത് ഒരുമിച്ചുകൂട്ടപ്പെടും.

---

وَجَاءَ رَبُّكَ وَالْمَلَكُ صَفًّا صَفًّا വജാഅ റബ്ബുക വൽ മലകു സ്വഫ്ഫൻ സ്വഫ്ഫാ

നിന്റെ രക്ഷിതാവും അണിയണിയായി മലക്കുകളും വരികയും ചെയ്താൽ

---

ഈ വചനം കേവലാർഥത്തിലുള്ള പ്രയോഗമല്ല. എന്നാൽ പ്രസ്താവിച്ച കാര്യം അങ്ങനെ തന്നെ വിശ്വസിക്കണം. അല്ലാഹു നടന്നുവരികയല്ല ചെയ്യുന്നത്. അവന്റെ ആധിപത്യവും തന്റെ സൃഷ്ടികളെ വിചാരണ ചെയ്ത് രക്ഷ-ശിക്ഷകൾ നടപ്പിലാക്കാ നുള്ള അവന്റെ അധികാരവും പ്രകടമാവുക എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അക്കാര്യത്തിൽ അവന്റെ ആജ്ഞ നടപ്പിലാക്കുന്നതിനാണ് മലക്കുകൾ ഒന്നിനു പിറ കിൽ മറ്റൊന്ന് എന്ന നിലയിൽ അണികളായി നിലയുറപ്പിക്കുന്നത്.

---

وَجِيءَ يَوْمَئِذٍ بِجَهَنَّمَ വജീഅ യൗമഇദിമ്പിജഹന്നം

അന്ന് നരകം കൊണ്ടുവരപ്പെടുകയും ചെയ്താൽ

---

അന്ന് മനുഷ്യരുടെ മുമ്പാകെ നരകത്തെ മാലാഖമാർ വലിച്ചു കൊണ്ടുവരും. ഇക്കാര്യം ഖുർആൻ പല സ്ഥലങ്ങളിലും എടുത്തുപറയുകയുണ്ടായി.

---

يَوْمَئِذٍ يَتَذَكَّرُ الْإِنسَانُ وَأَنَّى لَهُ الذِّكْرَى യൗമഇദിയ്യതദക്കറുൽ ഇൻസാനു വഅന്നാ ലഹുദ്ദിക്റാ

അന്നേ ദിവസം മനുഷ്യന് ഓർമ വരുന്നതാണ്. എവിടെനിന്നാണ് അവന് ഓർമ വരുന്നത്?

---

അന്ന് മനുഷ്യന് താൻ എന്തെല്ലാമാണ് ഭൂമിയിൽ ചെയ്തു കൂട്ടിയതെന്നും ഏതെല്ലാം വിധത്തിലാണ് താൻ ജീവിച്ചുന്നതെന്നും ഓർമ വരും. പക്ഷേ, ആ ഓർമ അവന് ഒട്ടും പ്രയോജനം ചെയ്യുകയില്ല. കാരണം, അവന് നിശ്ചയിച്ച സമയപരിധി അവസാനിച്ചിരിക്കുന്നു. ഇനിയുള്ള സമയം ഭൂമിയിൽ താൻ ചെയ്ത കർമങ്ങളുടെ പ്രതിഫലം അനുഭവിച്ചു കഴിഞ്ഞുകൂടുക എന്നതു മാത്രമാണ്.

---

يَقُولُ يَا لَيْتَنِي قَدَّمْتُ لِحَيَاتِي യഖൂലു യാലൈതനീ ഖദ്ദംതു ലിഹയാതീ

അവൻ പറയും: അയ്യോ, ഞാൻ എന്റെ (പരലോക) ജീവിതത്തിനു വേണ്ടി മുൻകൂട്ടി (സദ്കർമങ്ങൾ) ചെയ്തുവെച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

---

ദൈവികജീവിതവ്യവസ്ഥയെ ധിക്കരിക്കുകയും സ്വന്തം തീരുമാനപ്രകാരമുള്ള ജീവിതരീതി ആവിഷ്കരിക്കുകയോ ഭൗതികപ്രത്യയശാസ്ത്രങ്ങളുടെ തേട്ടങ്ങൾക്കനുസരിച്ചു ജീവിതം മുന്നോട്ടു

നയിക്കുകയോ ചെയ്ത എല്ലാവരുടെയും നിലവിളി ഇതായിരിക്കും. കാരണം, ആ ദിവസം അവർക്ക് ബോധ്യപ്പെടും, തങ്ങൾ ഭൂമിയിൽ ജീവിച്ചിരുന്ന രീതിയും കർമ്മങ്ങളും ഇവിടെ ഒട്ടും ഉപകരിക്കു കയില്ല.

---

فَيَوْمَئِذٍ لَّا يُعَذِّبُ عَذَابَهُ أَحَدٌ ഫയൗമഇദില്ലാ യുഅദ്ദിബു അദാബഹൂ അഹദ്

അപ്പോൾ, അന്നേ ദിവസം അവൻ (അല്ലാഹു) ശിക്ഷിക്കുന്നതുപോലെ ഒരാളും ശി ക്ഷിക്കുകയില്ല.

وَلَا يُوثِقُ وَثَاقَهُ أَحَدٌ വലാ യൂഥിഖു വഥാഖഹൂ അഹദ്

അവൻ പിടികൂടുന്നതു പോലെ പിടിച്ചുകെട്ടുന്നവനും ആരുമില്ല.

---

ആ ദിവസം കഠിന കഠോരമായിരിക്കും ദൈവികശിക്ഷ. അതിൽ അൽപം പോലും വിട്ടുവീഴ്ച ഉണ്ടാവുകയില്ല, അവൻ ആരുടെയെങ്കിലും കാര്യത്തിൽ വിട്ടുവീഴ്ച ചെയ്തെങ്കിലല്ലാതെ.

ആ ദിവസം അല്ലാഹു കുറ്റവാളികളെ നരകത്തിലേക്ക് എറിയുന്നതിനായി ചങ്ങല കൾ കൊണ്ട് വരിഞ്ഞുമുറുക്കുന്നതുപോലെ ആരും പിടിച്ചുബന്ധിക്കുകയില്ല. അവനെ നിഷേധിക്കുകയും ധിക്കാ രപൂർവം ജീവിക്കുകയും ചെയ്ത കുറ്റവാളികൾക്കുള്ള ശിക്ഷ ആ രൂപത്തിലുള്ളതായിരിക്കും.

മുകളിൽ സൂചിപ്പിച്ചത് സത്യനിഷേധികളായ ആളുകളുടെ പരിണതിയും അവരുടെ നേരെയു ണ്ടാകുന്ന ദൈവിക സമീപനവുമാണ്.

മനുഷ്യന് ജീവിക്കാൻ ഏകദൈവം അരുളിയിരുന്ന ജീവിതക്രമത്തെ പാടേ കൈ വെടിയുകയും ഏകദൈവത്തെ തന്നെ പാടെ നിരസിക്കുകയും തന്നിഷ്ടപ്രകാരം ജീവിക്കുകയോ, പ്രപിതാക്കൾ യാതൊരു ചിന്തയും കൂടാതെ പിന്തുടർന്നു വന്നിരുന്ന ജീവിതാദർശത്തെ പുനരാലോചന കൂടാതെ അനുധാവനം ചെയ്യുകയോ ചെയ്ത ആളുകളൊക്കെ ഈ ശിക്ഷാവിധിക്ക് അർഹരാണ്.

---

يَا أَيَّتُهَا النَّفْسُ الْمُطْمَئِنَّةُ യാ അയ്യത്തുഹന്നഫ്സുൽ മുത്മഇന്ന

അല്ലയോ, സമാധാനമടഞ്ഞ ആത്മാവേ

---

മുകളിൽ സൂചിപ്പിച്ചതൽനിന്ന് തികച്ചും വ്യത്യസ്തമായി മറുപക്ഷത്തിന്റെ അവസ്ഥ സൂചിപ്പിക്കു കയാണിവിടെ. അതായത് ഏകദൈവത്തെ അവർ തങ്ങളുടെ നാഥനായി അംഗീകരിക്കുകയും അവൻ തന്ന ജീവിതദർശനത്തെ തങ്ങളുടെ ജീവിതാദർശമായി അംഗീകരിക്കുകയും അതിന്റെ പേരിൽ പലവിധത്തിലുള്ള പ്രയാസങ്ങളും സഹിക്കുകയും ചെയ്തവരാണവർ. അവരുടെ ജീവിതം മുഴുക്കെ ഏകദൈവത്തിന്റെ താൽപര്യമായിരുന്നു പരിഗണിച്ചിരുന്നത്. അതിൽനിന്ന് അവർ അണുളവും വ്യതിചലിച്ചിരുന്നില്ല.

അവരത്രെ ശാന്തിയടഞ്ഞ മനസ്സുകൾക്കുടമകൾ. അവർക്ക് തങ്ങളുടെ പാരത്രിക പരിണതിയെ സംബന്ധിച്ച് യാതൊന്നും ഭയപ്പെടുവാനോ നിരാശരാകാനോ സംഗതിയൊന്നുമുണ്ടാകുന്നില്ല. തിക ച്ചും സമാധാനചിത്തരും സന്തോഷവാന്മാരുമായിരിക്കും അവരവിടെ.

---

ارْجِعِي إِلَى رَبِّكِ رَاضِيَةً مَّرْضِيَّةً ഇർജിഈ ഇലാ റബ്ബിക്കി റാദിയതമ്മർദിയ്യ

സംപ്രീതനും പ്രീതിപ്പെട്ടവനുമായിക്കൊണ്ട് നീ നിന്റെ നാഥനിലേക്ക് മടങ്ങിക്കൊ ള്ളുക.

فَادْخُلِي فِي عِبَادِي ഫദ്ഖുലീ ഫീ ഇബാദീ

എന്റെ (ഉത്തമ) ദാസന്മാരിൽ ചേർന്നുകൊള്ളുക

وَادْخُلِي جَنَّتِي വദ്ഖുലീ ജന്നതീ

എന്റെ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുക.

---

പരലോകത്തെ വിചാരണക്കു ശേഷം സദ്വൃത്തരായി ജീവിച്ചവരോട് നടത്തപ്പെടുന്ന വിളംബ രമാണിത്. മരണവേളയിലും വിചാരണാഘട്ടത്തിലും ഇതേ വാക്കുകൾ കൊണ്ട് അവരെ സമാധാ നിപ്പിച്ചുകൊണ്ടിരിക്കും. അവർ ചെയ്ത പ്രവർത്തനങ്ങൾ പാഴാവുകയോ നിരസിക്കുകയോ ചെയ്തിട്ടില്ലെന്നും അല്ലാഹു അതിന് പ്രതിഫലം നിശ്ചയിച്ചിട്ടുണ്ടെന്നും അവരെ ധൈര്യപ്പെടുത്തുക യാണ് അതിലൂടെ ചെയ്യുന്നത്.